**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3054** **22-06-2012 - ലെ മറുപടിയ്ക്ക്**

**ഏലം വില നിയന്ത്രണ ഫണ്ടിനായി 2011-2012ൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഏലം വില നിയന്ത്രണ ഫണ്ടിനായി 2011-2012ൽ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു ; | (എ) ഏലം വില നിയന്ത്രണ ഫണ്ടിനായി 2011-2012 ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിരുന്നു. കമ്മോഡിറ്റി സേഫ്റ്റി നെറ്റ് സ്കീമിൽ ഏലം കൃഷി കൂടി ഉൾപ്പെടുത്തി ഈ തുക സ്കീമിലെ കോർപ്പസ് ഫണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. |
| (ബി) ഈ ഫണ്ടിൽ നിന്നും ഏലം കർഷകർക്ക് സഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ;<br>(സി) ഈ മാനദണ്ഡങ്ങളനുസരിച്ച് 2011 -2012ൽ ആകെ എത്ര രൂപ ഏലം കർഷകർക്ക് വിതരണം ചെയ്തു ;<br>(ഡി) ഏലം വിലയിൽ ചാഞ്ചാട്ടം നേരിടുന്ന പശ്ചാത്തലത്തിൽ ഫണ്ടിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) (സി) & (ഡി) കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി പ്രകാരം സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിന്റെ സഹായത്തോടെ ഏലത്തിന് നിശ്ചയിച്ചിട്ടുള്ള പ്രൈസ് സ്പെക്ട്രം ബാൻഡിൽ നിന്നും വിപണിയിൽ ഏലത്തിന്റെ വില താഴുന്നതനുസരിച്ചാണ് ഏലം കർഷകർക്ക് സഹായം നൽകുന്നതിന് തീരുമാനിക്കുന്നത്.<br>2011-12 ൽ ഇതനുസരിച്ച് ഏലത്തിന് സഹായം നൽകേണ്ട ആവശ്യം ഉണ്ടാകാത്തതിനാൽ ടി തുക ഉപയോഗിച്ചിട്ടില്ല. ഇന്ന് വിപണിയിൽ ഏലത്തിന് കിലോയ്ക്ക് 750/-രൂപ മുതൽ 850/- രൂപ വരെ ലഭിക്കുന്നുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ വിലയിൽ നേരിയ കുറവ് മാത്രം ഉണ്ടാകുന്നതിനാൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഇ) 2012-2013ൽ ഏലം വില നിയന്ത്രിണ ഫണ്ടിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ? | (ഇ) 2012-2013 ലേയ്ക്ക് ഏലം വില നിയന്ത്രണത്തിനായി തുക നീക്കി വച്ചിട്ടില്ല. വില നിയന്ത്രണ ഫണ്ടിനായി ഇപ്പോൾ ലഭ്യമായിട്ടുള്ള 1 കോടി രൂപയ്ക്കു പുറമെ അവശ്യം വരുന്ന സാഹചര്യത്തിൽ അധികം തുക ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**